പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2207 **27-10-2026-ൽ മറുപടിയ്ക്ക്**

സേനകളിലെ വനിതാപ്രാതിനിധ്യം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ദേശീയ ശരാശരി അനുസരിച്ച് സേനകളിലെ വനിതാപ്രാതിനിധ്യം പതിനഞ്ച് ശതമാനമാണെന്നിരിക്കെ കേരളത്തിലത് എട്ട് ശതമാനം മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അറുപതിനായിരത്തിനടുത്തുള്ള സേനാംഗങ്ങളിൽ സ്ത്രീകളുടെ എണ്ണം അയ്യായിരം മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പോലീസ് സ്റ്റേഷനുകളിൽ സ്ത്രീകൾക്കായി പ്രത്യേക ശൗചാലയങ്ങളും വിശ്രമ മുറികളും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: സ്ത്രീകൾക്കായി പ്രത്യേകം ടോയ് ലെറ്റ് സൗകര്യം ലഭ്യമല്ലാത്ത സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ആയത് ലഭ്യമാക്കുന്നതിന് അടുത്ത സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഫണ്ട് വകയിരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ